DESABHIMANI - 01-10-2019

# മീൻവിൽപ്പനയ്ക്ക് സിഫ്റ്റ് വെൻഡിങ് കിയോസ്കുകൾ

മട്ടാഞ്ചേരി

റോഡരികിൽ പൊടിപടലങ്ങളും പ്രാണികീടങ്ങളും കലർന്ന തുറന്ന മീൻവിൽപ്പന ഇനി പഴങ്കഥയാണ്. ശരിയായി സൂക്ഷിച്ചില്ലെങ്കിൽ വളരെ വേഗത്തിൽ കേടുവരുന്ന മീനുകളെ അതിന്റെ ശരിയായ ശീതതാപനിലയിൽ മാലിന്യങ്ങളൊന്നുമേൽക്കാതെ വിൽക്കാൻ കഴിയുന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (സിഫ്റ്റ്) മൊബൈൽ ഫിഷ് വെൻഡിങ് കിയോസ്കുകൾ അണിയറയിൽ റെഡിയാണ്. കേരള ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ മാർഗനിർദേശമനുസരിച്ച് പ്രവർത്തിക്കുന്ന തീരമൈത്രി പദ്ധതി ഏറ്റെടുത്തും കഴിഞ്ഞു.



ഡോ. സി എൻ രവിശങ്കറും എൻ എസ് ശ്രീലുവും ധാരണാപത്രം കൈമാറുന്നു

പ്രാഥമിക ഘട്ടമായി 20 ഫിഷ് വെൻഡിങ് കിയോസ്കുകൾ ലഭ്യമാക്കാനുള്ള ധാരണാപത്രത്തിൽ സിഫ്റ്റ് ഡയറക്ടർ ഡോ. സി എൻ രവിശങ്കറും കേരള ഫിഷറീസ് ഡിപ്പാർട്ട്മെന്റിനുവേണ്ടി സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ എൻ എസ് ശ്രീലുവും ഒപ്പുവച്ചു.

ചക്രങ്ങളോടുകൂടിയ മൊബൈൽ യൂണിറ്റായ ഈ കിയോസ്ക് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റാവുന്ന രീതിയിലാണ് രൂപകൽപ്പന. കിയോസ്കിൽ 100 കിലോഗ്രാം മത്സ്യവും 20 കിലോഗ്രാം ഐസും നിറച്ചു കൊണ്ടുനടക്കാം. അതിനുവേണ്ട ശീതീകരണ സംവിധാനവും ഇൻസുലേറ്റ് ചെയ്ത ഐസുപെട്ടിയും ഘടിപ്പിച്ചിട്ടുണ്ട്. സുതാര്യമായ ചില്ലുകൊണ്ടുള്ള മുകൾഭാഗം, കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ചെതുമ്പൽ നീക്കംചെയ്യുന്ന യന്ത്രം, മീൻ മുറിക്കാനും വൃത്തിയാക്കാനുമുള്ള സംവിധാനങ്ങൾ എന്നിവയുമുണ്ട്. ഉപഭോക്താവിന് നേരിട്ട് കണ്ട് മീൻ തെരഞ്ഞെടുക്കാം.

55,000 രൂപയാണ് നിർമാണച്ചെലവ്. സിഫ്റ്റ് എൻജിനിയറിങ് വിഭാഗം മേധാവി ഡോ. മനോജ് പി സാമുവലിന്റെ നേതൃത്വത്തിൽ ഡോ. എസ് മുരളി, വി കെ സിദ്ദിഖ്, ജി ഗോപകുമാർ, കെ എസ് ബാബു എന്നീ ശാസ്ത്രജ്ഞരാണ് കിയോസ്ക് വികസിപ്പിച്ചെടുത്തത്.